**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2197** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ഹൃദ്രോഗ ചികിത്സയിൽ കൈവരിച്ച നേട്ടങ്ങൾ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ശ്രീ. കെ. മുരളീധരൻ |
| ശ്രീ. കടകംപള്ളി സുരേന്ദ്രൻ | (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി) |
| ശ്രീ. എച്ച്. സലാം | |
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | |
| ശ്രീ. കെ. ജെ. മാക്സി | |

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ഹൃദയമാറ്റ ശസ്ത്രക്രിയകൾ അടക്കം ഹൃദ്രോഗ ചികിത്സയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഹൃദ്രോഗ ചികിത്സാ രംഗത്ത് അടിസ്ഥാന സൗകര്യ വികസനം, മനുഷ്യവിഭവ ശേഷി വർധനവ്, അത്യാധുനിക ചികിത്സാ സാങ്കേതികവിദ്യകളുടെ വിനിയോഗം എന്നിവയിലൂടെ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. മുമ്പ് പരിമിതമായ കേന്ദ്രങ്ങളിൽ മാത്രം ലഭ്യമായിരുന്ന സങ്കീർണ്ണ ഹൃദ്രോഗ ചികിത്സകൾ ഇന്ന് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും തിരഞ്ഞെടുക്കപ്പെട്ട ജില്ലാ ആശുപത്രികളിലും ലഭ്യമാകുന്ന നിലയിലേക്കാണ് സർക്കാർ സംവിധാനങ്ങൾ ഉയർന്നിട്ടുള്ളത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള കാത്ത് ലാബുകളുടെ എണ്ണം 12 ആയി വർധിപ്പിക്കുകയും, ഹൃദയമാറ്റ ശസ്ത്രക്രിയകൾ, നെഞ്ച് തുറക്കാതെയുള്ള വാൽവ് മാറ്റിവയ്ക്കൽ ചികിത്സകൾ (TAVR/TAVI), നൂതന ഇമേജിംഗ് സാങ്കേതിക വിദ്യകൾ എന്നിവ സർക്കാർ മേഖലയിൽ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ GH ലു, ഇടുക്കി അടിമാലി TH യിലും കാത്ത് ലാബ് സ്ഥാപിക്കുന്ന നടപടി പുരോഗമിച്ചു വരുന്നുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിലും കാത്ത് ലാബ് അനുവദിച്ച നടപടികൾ പുരോഗമിക്കുന്നു.

കുട്ടികളിലെ ജന്മനാലുള്ള ഹൃദയവൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കി വരുന്ന 'ഹൃദ്യം' പദ്ധതി സംസ്ഥാനത്തെ ശിശു ഹൃദ്രോഗ ചികിത്സാ രംഗത്തെ പ്രധാന നേട്ടങ്ങളിലൊന്നാണ്. ഈ പദ്ധതിയുടെ ഭാഗമായി ഇതുവരെ 8,818-ലധികം കുട്ടികൾക്ക് ശസ്ത്രക്രിയകളും ഇന്റർവെൻഷനുകളും വിജയകരമായി നടത്തി ജീവൻ രക്ഷിക്കാൻ സാധിച്ചിട്ടുണ്ട്. 2021 മുതൽ മാത്രമായി 5,747 ചികിത്സകൾ പൂർത്തീകരിച്ചതിലൂടെ കഴിഞ്ഞ കുറച്ച് വർഷങ്ങളിലുണ്ടായ പ്രവർത്തന വേഗതയും കാര്യക്ഷമതയും വ്യക്തമാണ്. തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രി, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ എന്നിവ സർക്കാർ മേഖലയിൽ ഉൾപ്പെടുത്തുകയും, അമൃത, ലിസ്സി, ആസ്റ്റർ മെഡിസിറ്റി, മിംസ്, ബിലീവേഴ്സ് ചർച്ച് ഉടങ്ങിയ സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുകയും ചെയ്തതിലൂടെ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള സമ്പൂർണ്ണ ചികിത്സ കുട്ടികൾക്ക് പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. 'hridyam.kerala.gov.in' എന്ന ഓൺലൈൻ

പോർട്ടൽ വഴിയുള്ള രജിസ്ട്രേഷൻ സംവിധാനവും പദ്ധതി നടപ്പിലാക്കലിന് കൂടുതൽ സുതാര്യതയും കാര്യക്ഷമതയും നൽകിയിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ TAVR/TAVI, ലീഡ്ലെസ് പേസ്മേക്കർ, IVUS, OCT തുടങ്ങിയ രാജ്യാന്തര നിലവാരമുള്ള ഹൃദ്രോഗ ചികിത്സാ സാങ്കേതിക വിദ്യകൾ സർക്കാർ മേഖലയിലേക്ക് കൊണ്ടുവന്നത് വലിയ മുന്നേറ്റമായി കണക്കാക്കപ്പെടുന്നു. അതോടൊപ്പം എസ്.എ.റ്റി ആശുപത്രിയിൽ കുട്ടികൾക്കായി പ്രത്യേക കാത്ത് ലാബും പീഡിയാട്രിക് കാർഡിയാക് സർജറി യൂണിറ്റും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇവിടെ 100-ലധികം കീഹോൾ ഹൃദയ ശസ്ത്രക്രിയകളും 200-ഓളം തുറന്നുള്ള ഹൃദയ ശസ്ത്രക്രിയകളും വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ടെന്നത് സർക്കാർ സംവിധാനങ്ങളുടെ കഴിവ് വ്യക്തമാക്കുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജ് സംസ്ഥാനത്തെ സർക്കാർ മേഖലയിലെ ഹൃദ്രോഗ ചികിത്സയുടെ പ്രധാന കേന്ദ്രമായി വികസിച്ചിട്ടുണ്ട്. 2022 മുതൽ 2025 വരെയുള്ള കാലയളവിൽ മാത്രം കാത്ത് ലാബ് വഴി 23,697-ലധികം ഹൃദ്രോഗ പ്രൊസീജിയറുകൾ നടത്തിയത് സംസ്ഥാനത്ത് തന്നെ ഏറ്റവും ഉയർന്ന എണ്ണമായി കണക്കാക്കപ്പെടുന്നു. IVUS, OCT പോലുള്ള നൂതന സംവിധാനങ്ങളും പ്രത്യേക ഹൃദയമാറ്റ ഐ.സി.യുവും ഇവിടെ പ്രവർത്തിക്കുന്നു. വർധിച്ചുവരുന്ന രോഗികളുടെ തിരക്ക് കണക്കിലെടുത്ത് പുതിയ കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി 15 കോടി രൂപ അനുവദിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്.

കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയമാറ്റ ശസ്ത്രക്രിയകൾ ഉൾപ്പെടെ 10,530-ലധികം ഹൃദ്രോഗ ചികിത്സകൾ നടത്തിയിട്ടുണ്ടെന്നും TAVI പോലുള്ള നൂതന ചികിത്സകൾ ഇവിടെ ലഭ്യമാക്കിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു. ഇതോടെ തെക്കൻ കേരളത്തിൽ നിന്നും മധ്യകേരളത്തിൽ നിന്നുമുള്ള രോഗികൾക്ക് സർക്കാർ മേഖലയിൽ തന്നെ ഉയർന്ന നിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

എറണാകുളം ജനറൽ ആശുപത്രിയിൽ ഒരു ജില്ലാതല ആശുപത്രിയിൽ തന്നെ ഹൃദയമാറ്റ ശസ്ത്രക്രിയ വിജയകരമായി നടത്താൻ സാധിച്ചതെന്നത് സംസ്ഥാനത്തെ ആരോഗ്യ രംഗത്തെ അപൂർവ്വ നേട്ടങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. എറണാകുളം മെഡിക്കൽ കോളേജിൽ ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി തുടങ്ങിയ പ്രധാന ഹൃദ്രോഗ ചികിത്സകൾ ആരംഭിച്ചതോടെ മധ്യകേരള മേഖലയിലെ സർക്കാർ ചികിത്സാ സൗകര്യങ്ങൾ കൂടുതൽ ശക്തിപ്പെട്ടിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ നെഞ്ച് തുറക്കാതെയുള്ള വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും, ഹൃദയഭിത്തി തകർന്ന രോഗികൾക്ക് ശസ്ത്രക്രിയ ഒഴിവാക്കി കത്തീറ്റർ വഴിയുള്ള ചികിത്സകളും വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഹൃദയസ്തംഭന ചികിത്സയ്ക്കായി പ്രത്യേക ക്ലിനിക്കും ഇവിടെ പ്രവർത്തിക്കുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ സമ്പൂർണ്ണ ഹൃദ്രോഗ ചികിത്സ ലക്ഷ്യമിട്ട് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിക്കുകയും, രോഗികളുടെ തിരക്ക് നിയന്ത്രിക്കുന്നതിനായി രണ്ടാം കാത്ത് ലാബിനായി 15 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജിൽ നെഞ്ച് തുറക്കാതെയും അനസ്തേഷ്യയും വെന്റിലേറ്റർ സഹായവും നൽകാതെയും വയോധികരായ രോഗികളിൽ TAVI ചികിത്സ നൽകാൻ സാധിച്ചതിലൂടെ കുറഞ്ഞ ചെലവിൽ അത്യാധുനിക ചികിത്സ സർക്കാർ മേഖലയിൽ സാധ്യമാണെന്നത് തെളിയിച്ചിട്ടുണ്ട്. കൊല്ലം മെഡിക്കൽ കോളേജിൽ 2021-ൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ച് 1,752-ലധികം ആൻജിയോപ്ലാസ്റ്റികൾ നടത്തിയിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജിൽ 2024-ൽ കാത്ത് ലാബ് ആരംഭിക്കുകയും 323 ആൻജിയോപ്ലാസ്റ്റികൾ നടത്തുകയും ചെയ്തിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, എക്കോ തുടങ്ങിയ ഹൃദ്രോഗ പരിശോധനാ–ചികിത്സാ സൗകര്യങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു.

മൊത്തത്തിൽ അടിസ്ഥാന സൗകര്യ വികസനം, സാമ്പത്തിക നിക്ഷേപം, വിദഗ്ധ ചികിത്സകരുടെ സേവനം, അത്യാധുനിക സാങ്കേതിക വിദ്യകളുടെ വിനിയോഗം എന്നിവയിലൂടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ ഹൃദ്രോഗ ചികിത്സാ രംഗത്ത് വലിയ സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ടെന്നും, സാധാരണ ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഉയർന്ന നിലവാരത്തിലുള്ള ചികിത്സ ഉറപ്പാക്കാൻ സർക്കാർ ആരോഗ്യ സംവിധാനം മുഖേന സാധ്യമായിട്ടുണ്ടെന്നും വിലയിരുത്താവുന്നതാണ്.

**(ബി)** 2021-2025 കാലയളവിൽ സർക്കാർ ആശുപത്രികളിൽ ഹൃദ്രോഗത്തിനു നൂതന ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2021 മുതൽ 2025 വരെയുള്ള കാലയളവിൽ കേരളത്തിലെ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ ഹൃദ്രോഗ ചികിത്സാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് വ്യാപകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവയെ ആധുനിക ഹൃദ്രോഗ ചികിത്സാ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാണ് പ്രധാനമായും ഇടപെടലുകൾ നടന്നിട്ടുള്ളത്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ യൂണിറ്റുകളുടെ (CCU) പ്രവർത്തനം വ്യാപിപ്പിക്കുകയും കാത്ത് ലാബുകൾ, കാർഡിയാക് ഐ.സി.യുകൾ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തു.

എല്ലാ ജില്ലകളിലും കുറഞ്ഞത് ഒരു കാത്ത് ലാബ് എന്ന ലക്ഷ്യത്തിന്റെ ഭാഗമായി കോട്ടയം, കാസർഗോഡ്, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിൽ പുതിയ കാത്ത് ലാബുകൾ ആരംഭിച്ചു. ഗ്രാമീണ മേഖലയിലെ രോഗികൾക്ക് സമയബന്ധിത ചികിത്സ ഉറപ്പാക്കുന്നതിനായി 'ഹബ് ആൻഡ് സ്പോക്ക്' മാതൃകയിൽ STEMI പദ്ധതി ആവിഷ്കരിച്ച് പാലക്കാട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ OCT, IVUS തുടങ്ങിയ ആധുനിക പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തിയതോടൊപ്പം രണ്ടാം കാത്ത് ലാബും സ്ഥാപിച്ചു. എസ്.എ.ടി ആശുപത്രിയിൽ കുട്ടികളിലെ ഹൃദ്രോഗ ചികിത്സയ്ക്കായി 2021-ൽ പീഡിയാട്രിക് കാർഡിയാക് സർജറി യൂണിറ്റ് ആരംഭിച്ചതോടെ കുട്ടികൾക്ക് ഓപ്പൺ ഹാർട്ട് സർജറികൾ സർക്കാർ മേഖലയിൽ തന്നെ ലഭ്യമാക്കി. കൊല്ലം മെഡിക്കൽ കോളേജിൽ 2021-ൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിക്കുകയും 2023 മുതൽ പൂർണ്ണസജ്ജമായ കാർഡിയോളജി ഐ.സി.യു പ്രവർത്തനക്ഷമമാകുകയും ചെയ്തു. CRT, പേസ്മേക്കർ ഘടിപ്പിക്കൽ തുടങ്ങിയ ചികിത്സകളും ഇവിടെ നടപ്പിലാക്കുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജിൽ 2021–2025 കാലയളവിൽ സമ്പൂർണ്ണ ഹൃദ്രോഗ ചികിത്സാ സൗകര്യങ്ങളോടുകൂടിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനം ആരംഭിച്ചു. രോഗികളുടെ വർദ്ധിച്ച തിരക്ക് കണക്കിലെടുത്ത് രണ്ടാമത്തെ കാത്ത് ലാബിനായി 2025-ലെ ബജറ്റിൽ 15 കോടി രൂപ വകയിരുത്തി. കോട്ടയം മെഡിക്കൽ കോളേജിൽ 200 കിടക്കകളുള്ള കാർഡിയോളജി & കാർഡിയോതൊറാസിക് ബ്ലോക്ക് നിർമ്മാണം പുരോഗമിക്കുന്നതിനൊപ്പം EP സൗകര്യമുള്ള പുതിയ കാത്ത് ലാബും പ്രവർത്തനക്ഷമമാക്കി. കൂടാതെ ഹാർട്ട് ലങ് മെഷീൻ, വെന്റിലേറ്ററുകൾ, ഡിഫ്രിബിലേറ്ററുകൾ ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങളും ലഭ്യമാക്കി.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ 10 കിടക്കകളുള്ള കാർഡിയാക് ഐ.സി.യു ആരംഭിക്കുകയും എക്കോ, ഹോൾട്ടർ മോണിറ്റർ, ടിൽറ്റ് ടേബിൾ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. കോഴിക്കോട് മെഡിക്കൽ കോളേജിൽ മൂന്നാമത്തെ കാത്ത് ലാബിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹൃദയസ്തംഭന രോഗികൾക്കായി പ്രത്യേക ഹാർട്ട് ഫെയ്ലർ ഐ.സി.യുവും ആരംഭിച്ചിട്ടുണ്ട്. എറണാകുളം മെഡിക്കൽ

കോളേജിൽ കാർഡിയോളജി ബ്ലോക്ക് നവീകരിച്ചു. കണ്ണൂർ മെഡിക്കൽ കോളേജിൽ പുതിയ കാത്ത് ലാബ് സ്ഥാപിക്കുകയും TAVI, TMVR പോലുള്ള അത്യാധുനിക വാൽവ് ശസ്ത്രക്രിയകൾ വിജയകരമായി നടത്തുകയും ചെയ്തു. മഞ്ചേരിയിൽ പുതിയ എക്കോ മെഷീൻ സ്ഥാപിച്ചിട്ടുണ്ടെന്നും വയനാട് മെഡിക്കൽ കോളേജിൽ ആൻജിയോപ്ലാസ്റ്റി സൗകര്യം ലഭ്യമാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

ഇതെല്ലാം ചേർന്ന് 2021–2025 കാലയളവിൽ കേരളത്തിലെ സർക്കാർ ആരോഗ്യ മേഖലയിൽ ഹൃദ്രോഗ ചികിത്സാ രംഗത്ത് ഗണ്യമായ പുരോഗതി കൈവരിച്ചതായി വിലയിരുത്താം. പൊതുമേഖലയിൽ തന്നെ ആധുനികവും ചെലവുകുറഞ്ഞതുമായ ഹൃദ്രോഗ ചികിത്സ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഈ വികസനങ്ങൾ നിർണായകമായ സംഭാവന നൽകിയിട്ടുണ്ട്.

**(സി)** പ്രസ്തുത കാലയളവിൽ എത്ര സർക്കാർ ആശുപത്രികളിലാണ് കാത്ത് ലാബുകൾ പ്രവർത്തിച്ചിരുന്നതെന്നും നിലവിൽ ഏതെല്ലാം ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നതായും വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് വർധിച്ചുവരുന്ന ഹൃദ്രോഗങ്ങളുടെ ചികിത്സയും ഇടപെടലുകളും സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി, സർക്കാർ മേഖലയിലെ ആശുപത്രികളിൽ കാത്ത് ലാബ് (Cath Lab) സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും സർക്കാർ വിവിധ ഘട്ടങ്ങളിലായി കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രത്യേകിച്ച് 2021 മുതൽ ആരംഭിച്ച കാലയളവിൽ, ആരോഗ്യവകുപ്പിന് കീഴിലുള്ള ജനറൽ/ജില്ലാ ആശുപത്രികളിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലും കാത്ത് ലാബുകളുടെ എണ്ണം ഗണ്യമായി വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പിന് കീഴിലുള്ള ജനറൽ, ജില്ലാ ആശുപത്രികളിൽ 2021–2025 കാലയളവിൽ കാഞ്ഞിരപ്പള്ളി, കോഴിക്കോട്, കാഞ്ഞങ്ങാട്, തൃശ്ശൂർ, കണ്ണൂർ, മാനന്തവാടി എന്നീ ആശുപത്രികളിൽ പുതുതായി കാത്ത് ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുകയും, കാർഡിയോളജിസ്റ്റുകളുടെ സേവനം ഉറപ്പാക്കുകയും ചെയ്തതോടെ, ആൻജിയോഗ്രാഫി, ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള പ്രധാന ഹൃദ്രോഗ ചികിത്സാ ഇടപെടലുകൾ ജില്ലാ/താലൂക്ക് തലത്തിൽ തന്നെ ലഭ്യമാക്കാൻ സാധ്യമായി. ഇതിന് പുറമേ, തിരുവനന്തപുരം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട, മഞ്ചേരി ജനറൽ ആശുപത്രികൾ, എറണാകുളം ജനറൽ ആശുപത്രി (ഇവിടെ രണ്ട് കാത്ത് ലാബുകൾ പ്രവർത്തിക്കുന്നു) എന്നിവിടങ്ങളിൽ നേരത്തെ മുതൽ കാത്ത് ലാബുകൾ പ്രവർത്തിച്ചുവരുന്നതായും ശ്രദ്ധയിൽപ്പെടുന്നു. ഇതുവഴി, വലിയ മെഡിക്കൽ കോളേജുകളെ മാത്രം ആശ്രയിക്കേണ്ട സാഹചര്യം കുറയുകയും, അടിയന്തിര ഹൃദ്രോഗ ചികിത്സകൾ സമയബന്ധിതമായി നൽകാൻ കഴിയുന്ന ഒരു ശക്തമായ സെക്കണ്ടറി കെയർ നെറ്റ്‌വർക്ക് രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ആലപ്പുഴ GH ലുള്ള കാത്ത് ലാബ് സ്ഥാപിക്കുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നു. മാത്രമല്ല ഇടുക്കി അടിമാലി TH യിലും പുതിയ കാത്ത് ലാബ് അനുവദിക്കുകയും നടപടികൾ ധ്രുതഗതിയിൽ പുരോഗമിച്ചു വരികയും ചെയ്തു വരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ കാത്ത് ലാബ് സൗകര്യങ്ങൾ കൂടുതൽ വികസിതമായ നിലയിലാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നാല് കാത്ത് ലാബുകളും, എസ്.എ.ടി. ആശുപത്രിയിൽ ഒരു കാത്ത് ലാബും പ്രവർത്തിച്ചുവരുന്നു. കൊല്ലം മെഡിക്കൽ കോളേജിൽ 01.11.2021 മുതൽ പുതിയ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ നിലവിൽ ഒരു കാത്ത് ലാബ് പ്രവർത്തിക്കുന്നുണ്ടായിരിക്കെ, രണ്ടാമത്തെ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള അനുമതി ബജറ്റിൽ ലഭിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ്

സൗകര്യങ്ങൾ സജ്ജമാണ്. എറണാകുളം മെഡിക്കൽ കോളേജിൽ 2019 മുതൽ കാത്ത് ലാബ് പ്രവർത്തിച്ചുവരുന്നതോടൊപ്പം, പുതിയൊരു കാത്ത് ലാബ് കൂടി സ്ഥാപിക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപേ തന്നെ കാത്ത് ലാബ് സ്ഥാപിതമായിരുന്നു, അത് നിലവിലും പ്രവർത്തനസജ്ജമായി തുടരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിലും പരിയാരം സർക്കാർ മെഡിക്കൽ കോളേജിലും രണ്ട് വീതം കാത്ത് ലാബുകൾ പ്രവർത്തിക്കുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ ഈ കാലയളവിൽ കാത്ത് ലാബ് പ്രവർത്തനസജ്ജമായി സേവനം നൽകിവരുന്നു. വയനാട് മെഡിക്കൽ കോളേജിൽ 2024 മുതൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ഇടുക്കി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി ഇടുക്കി ഡെവലപ്മെന്റ് പാക്കേജ് മുഖേന ₹10,29,95,439/- (ഏകദേശം ₹10.3 കോടി) അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ച തുക കെ.എം.എസ്.സി.എൽ-ന് കൈമാറുകയും, ഉപകരണങ്ങളുടെ വാങ്ങലും മറ്റ് അനുബന്ധ നടപടികളും പുരോഗമിക്കുകയും ചെയ്തുവരുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടെ, ഹൈറേഞ്ച് മേഖലയിലെ ജനങ്ങൾക്ക് അത്യാധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യങ്ങൾ സർക്കാർ മേഖലയിലൂടെയാണ് ലഭ്യമാകുക.

ആകെക്കൂടി വിലയിരുത്തുമ്പോൾ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി സർക്കാർ മേഖലയിൽ കാത്ത് ലാബുകളുടെ ശൃംഖല വ്യാപകമായി വികസിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് കാണാവുന്നതാണ്.

**(ഡി)** രോഗികളുടെ തിരക്ക് നിയന്ത്രിക്കുന്നതിന് കാത്ത് ലാബുകൾ പ്രയോജനപ്രദമാകുമോ; ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

**മറുപടി:** സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും ചില ജില്ലാ ആശുപത്രികളിലും ഹൃദയാഘാതം ഉൾപ്പെടെയുള്ള ഹൃദ്രോഗങ്ങളുടെ നിർണയത്തിനും ചികിത്സയ്ക്കുമായി കാത്ത് ലാബുകൾ സ്ഥാപിച്ചുവരുന്നതിലൂടെ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഉയർന്ന നിലവാരത്തിലുള്ള കാർഡിയോളജി സേവനങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി തുടങ്ങിയ ഇടപെടൽ ചികിത്സകൾ സർക്കാർ മേഖലയിലേക്ക് വ്യാപിപ്പിച്ചതിനാൽ മെഡിക്കൽ കോളേജുകളിലെ തിരക്ക് നിയന്ത്രിക്കാനും സ്വകാര്യ ആശുപത്രികളിലെ ഉയർന്ന ചികിത്സാചെലവ് ഒഴിവാക്കാനും ഈ സംവിധാനം സഹായകമായിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 23.7 കോടി രൂപയും എസ്.എ.റ്റി ആശുപത്രിയിൽ 3.59 കോടി രൂപയും ചെലവഴിച്ച് കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. കൊല്ലം മെഡിക്കൽ കോളേജിൽ കിഫ്ബി ഫണ്ടിൽ നിന്നും 8 കോടി രൂപ വിനിയോഗിച്ച് 2021-ൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാർഡിയോളജി വിഭാഗത്തിനായി 75 ലക്ഷം രൂപ ചെലവിൽ അധിക ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ 2011-ൽ 3.63 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ടെന്നും, ഇതിലൂടെ CAST പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ ഉൾപ്പെടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ രണ്ട് കാത്ത് ലാബുകൾ പ്രവർത്തിക്കുന്നതിനായി യഥാക്രമം 3.90 കോടി രൂപയും 7.76 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിൽ 2019-ൽ 3.55 കോടി രൂപ ചെലവിലാണ് കാത്ത് ലാബ് സ്ഥാപിച്ചത്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ 13.93 കോടി രൂപ ചെലവഴിച്ച് ആധുനിക കാത്ത് ലാബ് സജ്ജീകരിച്ചിട്ടുണ്ടെന്നും ഇതുവഴി ഹൃദ്രോഗ ചികിത്സയിൽ ഗുണപരമായ പുരോഗതി കൈവരിച്ചതായും വിലയിരുത്തുന്നു.

മഞ്ചേരി മെഡിക്കൽ കോളേജിൽ കിഫ്ബി മുഖേന 8 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് സജ്ജീകരിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിൽ രണ്ട് കാത്ത് ലാബുകൾ പ്രവർത്തിച്ച് രോഗികളുടെ തിരക്ക് കുറയ്ക്കാൻ സഹായിക്കുന്നു. വയനാട് മെഡിക്കൽ കോളേജിൽ 6.73 കോടി രൂപ ചെലവിൽ കാത്ത് ലാബ് നിർമ്മിച്ചിട്ടുണ്ടെന്നും, കണ്ണൂർ മെഡിക്കൽ കോളേജിലെ കാത്ത് ലാബുകൾ രോഗികളുടെ തിരക്ക് നിയന്ത്രിക്കുന്നതിൽ ഒരു പരിധിവരെ സഹായകമാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

മൊത്തത്തിൽ, സർക്കാർ മെഡിക്കൽ കോളേജുകളിലെ കാത്ത് ലാബുകളുടെ വ്യാപനവും പ്രവർത്തനവും സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തുകയും ഹൃദ്രോഗ ചികിത്സ സർക്കാർ മേഖലയിലേയ്ക്ക് കൂടുതൽ സുലഭമാക്കുകയും ചെയ്തിട്ടുണ്ടെന്ന് വിലയിരുത്താം.

**സെക്ഷൻ ഓഫീസർ**